S001 | CO

# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ.ബഡ്.3/005330/2011.

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം, ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്, തിരുവനന്തപുരം, തീയതി, 02/06/2025

## മെമ്മോറാണ്ടം

വിഷയം : കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് എസ്.ബി.ഐ. കോർപ്പറേറ്റ് സാലറി പാക്കേജ് - ഇൻഷുറൻസ് ആന്റ് കാർഡ് ബെനിഫിറ്റ് സ്കീം ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന : 05/05/2025-ന് എസ്.ബി.ഐ.യുമായി ഒപ്പുവെച്ച കരാർ

05/05/2025-ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും, കെ.എസ്.ആർ.ടി.സി.യുമായി ഒപ്പുവെച്ച കോർപ്പറേറ്റ് സാലറി പാക്കേജ് കരാറിലെ വ്യവസ്ഥകൾ 04/06/2025 മുതൽ പ്രാവർത്തികമാക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ജീവനക്കാർക്കുണ്ടാകുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിനായി 2025 ജൂൺ 3, 4, 5 തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പ്രതിനിധികൾ ഓൺലൈൻ ക്ലാസ് സംഘടിപ്പിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. എല്ലാ യൂണിറ്റ് ആഫീസർമാരും, വർക്ക്ഷോപ്പ് മേധാവികളും പ്രസ്തുത ഓൺലൈൻ ക്ലാസിൽ സർവ്വീസ് ക്യാൻസലേഷൻ ഉണ്ടാകാത്ത വിധത്തിൽ എല്ലാ ജീവനക്കാരെയും പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ എല്ലാ ജീവനക്കാരും പ്രസ്തുത ഓൺലൈൻ ക്ലാസ് പ്രയോജനപ്പെടുത്തി സംശയ ദൂരീകരണം നടത്തിയെന്നും, അവരവരുടെ സാലറി അക്കൗണ്ടുകൾ 04/06/2025-ന്

മുമ്പായി കോർപ്പറേറ്റ് സാലറി പാക്കേജിലെ അതാത് വേരിയന്റുകളിൽ (സിൽവർ, ഗോൾഡ്, ഡയമണ്ട്, പ്ലാറ്റിനം, റോഡിയം എന്നിവ) ഉൾപ്പെട്ടിട്ടുണ്ടെന്ന് യൂണിറ്റ് ആഫീസർമാരും, വർക്ക്ഷോപ്പ് മേധാവികളും ഉറപ്പ് വരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ ജീവനക്കാർക്കുണ്ടാകുന്ന സംശയ ദൂരീകരണത്തിനായി ചീഫ് ആഫീസിലെ ബഡ്ജറ്റ് വിഭാഗവുമായി / ഹെൽപ്പ് ഡെസ്കുമായി ബന്ധപ്പെടേണ്ടതാണ്.

**ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർക്കുവേണ്ടി**
**ഫിനാൻഷ്യൽ അഡ്വൈസർ ആന്റ് ചീഫ്**
**അക്കൗണ്ട്സ് ഓഫീസർ**

സ്വീകർത്താവ്

എല്ലാ യൂണിറ്റ് ആഫീസർമാർക്കും
എല്ലാ വർക്ക്ഷോപ്പ് മേധാവികൾക്കും
ചീഫ് ആഫീസിലെ എല്ലാ ഓഫീസർമാർക്കും, സെക്ഷനുകൾക്കും

*ഷb/02.06.*